ഖുത്ബ
21.4.2006
ബൈത്തുൽഹുദാ,
സിഡ്നി,ആസ്ട്രേലിയ

# സൽസ്വഭാവത്തിലൂടെയാണ് ദൈവസാമീപ്യം പ്രാപിക്കുന്നത്

രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ എന്റെ ആസ്ത്രേലിയായിലെ പര്യടനം ഇൻശാഅല്ലാഹ് സമാപിക്കാൻ പോകുകയാണ്. ഈ പര്യടനത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസയിൽ പങ്കെടുക്കാനും പ്രസംഗിക്കാനും സൗഭാഗ്യമുണ്ടായി. അതിനോടൊപ്പം ജമാഅത്തിലെ ഏകദേശം എല്ലാ അംഗങ്ങളുമായും വ്യക്തിപരമായി കൂടിക്കാഴ്ച നടത്താനും അവസരം കിട്ടി. മറ്റ് നിരവധി പരിപാടികളിലും പങ്കെടുത്തു. ഈ നേരിട്ടുള്ള ബന്ധംകൊണ്ട് ഒരുപാട് കാര്യങ്ങൾ കാണാനും മനസ്സിലാക്കാനും കേൾക്കാനുമുള്ള സന്ദർഭവും ലഭിച്ചു. ആസ്ത്രേലിയായിലെ ജമാഅത്ത് ദൈവാനുഗ്രഹത്താൽ പൊതുവെ ആത്മാർത്ഥതയിലും കൂറിലും ഒരു ജമാഅത്തിനേക്കാളും പിന്നിലല്ല. എങ്കിലും ചില ന്യൂനതകൾ കാണുന്നുണ്ട്. ആ ന്യൂനതകളെ അകറ്റുന്നതിനായി അവയുടെമേൽ ദൃഷ്ടിപതിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കാരണം നമ്മുടെ നിലവാരവും നമ്മുടെ ദൃഷ്ടിയും എപ്പോഴും ഉന്നതിയിലേക്കാണ് ചലിക്കേണ്ടത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) തനിക്ക് ബയ്അത്ത് ചെയ്യുന്നവരിൽ കാണാൻ ആഗ്രഹിച്ചിരുന്ന ഒരു ഉന്നതമായനിലയുണ്ട്, ആ നില കരസ്ഥമാക്കുന്നതിനുവേണ്ടി നമ്മൾ പരിശ്രമിക്കേണ്ടതാണ്. ഇപ്പോൾ ഇവിടെത്തെ അഹ്മദികളിൽ വലിയൊരു വിഭാഗം പാക്കിസ്ഥാനുമായി ബന്ധമുള്ളവരുടേതാണ്. അവർ വിവിധ കാലങ്ങളിൽ ഇവിടെ വന്നു. അവരിൽ വിദ്യാസമ്പന്നരുമുണ്ട്. ആ വിദ്യാഭ്യാസത്തിന്റെ കാരണത്താൽ ജോലി തേടി അവർ ഇവിടെ എത്തി. അവരിൽ വലിയൊരു വിഭാഗം പാക്കിസ്ഥാനിലെ അവസ്ഥകൾകൊണ്ട് ഇവിടെ വന്നവരുമുണ്ട്. അവർ ഇവിടെ ചെറുതും വലുതുമായ കച്ചവടങ്ങളോ ജോലികളോ ചെയ്തു വരുന്നു. അവരിൽ ചിലരുടെ മക്കൾ വിദ്യാസമ്പന്നരാണ്. ചിലർ വിദ്യ അഭ്യസിക്കുന്നവരാണ്. മാശാഅല്ലാഹ് അധികം പേരും വിദ്യാഭ്യാസരംഗത്ത് നല്ലവണ്ണം ശോഭിച്ചുവരുന്നു. ഇത് നല്ലൊരു ലക്ഷണമാണ്. കാരണം ചെറുപ്പക്കാരിൽ പഠിക്കാനുള്ള പ്രവണതയില്ലെങ്കിൽ അവർ തങ്ങളുടെ ജീവിതം പാഴാക്കുന്നവരായിത്തീരും. ഇവിടെത്തെ ഈ ചെറുപ്പക്കാർക്ക് ജമാഅത്തിനോട് ആത്മാർത്ഥതയും കൂറുമുണ്ട്. ജൽസയുടെ പ്രവർത്തനങ്ങളിലും എല്ലാവരും നല്ല നിലയിൽ പങ്കെടുത്തിരുന്നു. ആവേശത്തോടും ഉത്സാഹത്തോടുംകൂടി പ്രവർത്തനങ്ങളിൽ അവർ നിരതരായിരുന്നു. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ.

ഇവിടെ വസിക്കുന്ന അഹ്മദികളിൽ ഫിജിയൻ അഹ്മദികളും ധാരാളമായിട്ടുണ്ട്. മറ്റ് ദേശങ്ങളിൽനിന്നും വന്നവരുമുണ്ട്. ആസ്ത്രേലിയായിലെ വിവിധ ജനതകളുമായി ബന്ധമുള്ളവരുമുണ്ട്. എങ്കിലും ഏറ്റവുമധികമുള്ളത് പാക്കിസ്ഥാനികൾ തന്നെയാണ്. ഇവിടെത്തെ ഫിജിയൻ അഹ്മദികളുടേയും പാക്കിസ്ഥാനികളല്ലാത്തവരുടേയും ദൃഷ്ടി ഇവിടെ വന്നുതാമസിക്കുന്ന അല്ലെങ്കിൽ ഇവിടെ ജനിച്ചു വളർന്നുവലുതായ, പരിചയസമ്പന്നരായ അഹ്മദികളുടെ മേലാണ്. അവരുടെയെല്ലാം ദൃഷ്ടിയിൽ നിങ്ങൾ ദീൻ അറിയുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാണ്. കുറഞ്ഞപക്ഷം അങ്ങനെയായിരിക്കേണ്ടതാണ്. അതുകൊണ്ട് ഇത് വലിയൊരു ഉത്തരവാദിത്തമാണ്. നിങ്ങളത് മനസ്സിലാക്കാതിരിക്കുകയും ഈ ഉത്തരവാദിത്തം അത് നിറവേറ്റേണ്ട വിധത്തിൽ നിറവേറ്റാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നിങ്ങളുടെ പുതിയ തലമുറ വഴിതെറ്റുകയും ആർക്കെങ്കിലും തങ്ങളുടെ മുതിർന്നവർ കാരണത്താൽ അബദ്ധം പിണയുകയും അല്ലെങ്കിൽ പാക്കിസ്ഥാനി അഹ്മദികളായ നിങ്ങളെ പാക്കിസ്ഥാനികളല്ലാത്ത അഹ്മദികൾ ദീനീപരമായ കാര്യങ്ങളിൽ തങ്ങളെക്കാൾ വലിയവരായി കരുതുന്നതിന്റെ ഫലമായി നിങ്ങളുടെ പ്രവർത്തികൊണ്ട് അവർക്ക് തെറ്റു സംഭവിക്കാൻ ഇടയാകുകയും ചെയ്താൽ തീർച്ചയായും അത് നിങ്ങളുടെമേലും മറ്റ് അഹ്മദികളുടെമേലും നിങ്ങൾ ചെയ്യുന്ന വലിയൊരു അക്രമമായിരിക്കും. അതുകൊണ്ട് എപ്പോഴും സ്വന്തം മാതൃക നിലനാട്ടുന്നതിനു വേണ്ടി ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുക; പ്രത്യേകിച്ച് മറ്റുള്ളവരുമായിട്ടുള്ള

ബന്ധങ്ങളിലും, കാര്യങ്ങൾ പരിഹരിക്കുന്നതിലും ഓരോ അഹ്മദിയും മാതൃകയായിരിക്കേണ്ടതാണ്. പഴയകാല അഹ്മദികളും, ജമാഅത്തിന് സേവനം ചെയ്യാൻ അല്ലാഹു അവസരം നല്കിയിട്ടുള്ള അഹ്മദികളും പ്രത്യേകമായ നിലയിൽ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. പൊതുവെ നിങ്ങളുടെ ചുറ്റുപാടിൽ ഒരു വിവേചനവൈശിഷ്ട്യം സ്ഥാപിക്കേണ്ടതാണ്. ഇവിടെ താമസിക്കുന്ന യുവാക്കളോടും പാക്കിസ്ഥാനികളല്ലാത്തവരോടും ഞാൻ പറയുകയാണ്, നിങ്ങൾ ബയ്അത്ത് ചെയ്തത് ഹസ്റത്ത് മസീഹ് മൗഊദി(അ)നാണ്. നിങ്ങൾ, മസീഹും മഹ്ദിയുമായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ വിശ്വസിച്ചവരാണ്; മറ്റാരേയുമല്ല. അതുകൊണ്ട് നിങ്ങളുടെ മുമ്പിലുണ്ടായിരിക്കേണ്ട മാതൃക, നിങ്ങളുടെ മുമ്പിലുണ്ടായിരിക്കേണ്ട അദ്ധ്യാപനം അത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതൃകയും അദ്ധ്യാപനവുമായിരിക്കേണ്ടതാണ്. ഇന്നവലിയ അഹ്മദിയുടെ, ഇന്ന പാക്കിസ്ഥാനി അഹ്മദിയുടെ മാതൃക എന്താണെന്ന് നിങ്ങൾ നോക്കരുത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നുവെന്ന് നാം നോക്കേണ്ടതാണ്. ഇല്ലെങ്കിൽ, നിങ്ങൾ ഇന്ന വ്യക്തി കാരണത്താൽ വഴിതെറ്റിപ്പോയവനല്ലേ എന്ന് അല്ലാഹു ചോദിക്കുകയില്ല. ഓരോരുത്തരും അവരവരുടെ കണക്കാണ് ബോധിപ്പിക്കേണ്ടിവരിക. അതിനാൽ ഇന്ന അഹ്മദി അല്ലെങ്കിൽ ഇന്ന ഉദ്യോഗസ്ഥൻ എന്ത് ചെയ്യുന്നുവെന്ന് നിങ്ങൾ നോക്കരുത്. ആർക്കാണോ നാം ബയ്അത്ത് ചെയ്തിട്ടുള്ളത് ആ വ്യക്തി അല്ലാഹുവിൽനിന്നുള്ള ആളാണോ എന്ന് നാം നോക്കുക. നബി(സ) തിരുമേനിയുടെ നിർദ്ദേശം ആ വ്യക്തിയുടെ ജമാഅത്തുമായി ചേർന്നിരിക്കുക എന്നതാണ്. മസീഹും മഹ്ദിയുമായ അല്ലാഹുവിന്റെ ഖലീഫയുമായി ബന്ധം സ്ഥാപിക്കാനാണ് നബി(സ) തിരുമേനി നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ പാക്കിസ്ഥാനികളാണെങ്കിലും മറ്റേതെങ്കിലും ദേശക്കാരാണെങ്കിലും യുവാക്കളാണെങ്കിലും വൃദ്ധരാണെങ്കിലും പുരുഷന്മാരാണെങ്കിലും സ്ത്രീകളാണെങ്കിലും അവരുടെ കർമ്മത്തിന് അവർതന്നെയാണ് ഉത്തരവാദികൾ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വാക്കുകൾ നിങ്ങൾ ഓർത്തുകൊള്ളുക. അവിടന്ന് പറയുന്നു: "എന്റെ സ്നേഹിതന്മാരേ, എല്ലാ നബിമാരും സുവാർത്ത അറിയിച്ചിട്ടുള്ള ആ വ്യക്തിയേയാണ് നിങ്ങൾ വിശ്വസിച്ചിട്ടുള്ളത്. ആ മസീഹ് മൗഊദിനെ നിങ്ങൾ കണ്ടു. അദ്ദേഹത്തെ കാണാൻ ഒരുപാട് പ്രവാചകന്മാർ ആഗ്രഹിച്ചിരുന്നതാണ്. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ഈമാനിനെ നല്ലവണ്ണം പ്രബലപ്പെടുത്തുകയും നിങ്ങളുടെ വഴികൾ നന്നാക്കിത്തീർക്കുകയും ചെയ്യുക. നിങ്ങളുടെ മനസ്സുകളെ പരിശുദ്ധമാക്കുക. നിങ്ങളുടെ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുക. സുഹൃത്തുക്കളേ, ഈ സത്രത്തിലേക്ക് വെറും കുറച്ചു ദിവസത്തേക്കായിട്ടാണ് നിങ്ങൾ വന്നിട്ടുള്ളത്. നിങ്ങളുടെ യഥാർത്ഥ വീടുകളെ നിങ്ങൾ സ്മരിക്കുക. ഏതെങ്കിലും സുഹൃത്ത് നിങ്ങളിൽ നിന്ന് വേർപ്പെട്ടുപോകുന്നത് നിങ്ങൾ കണ്ടുവരുന്നുണ്ട്. അങ്ങനെ ഒരുനാൾ നിങ്ങളും നിങ്ങളുടെ സുഹൃത്തുക്കളിൽനിന്ന് വിടപറയും. അതുകൊണ്ട് ഉണരുക. ഈ ലോകത്തിന്റെ വിഷവായു നിങ്ങളെ ബാധിക്കാതിരിക്കട്ടെ. നിങ്ങൾ നിങ്ങളുടെ ആത്മീയാവസ്ഥയെ ശരിക്കും നന്നാക്കിത്തീർക്കുക. പകയും വിദ്വേഷവും വെറുപ്പും അകറ്റുക. സ്വഭാവപരമായ ദിവ്യാത്ഭുതം ലോകത്തിന് കാണിച്ചുകൊടുക്കുക."

അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് നിങ്ങൾ ചിന്തിക്കുക. സദുദ്ദേശ്യത്തോടെ ഇക്കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചാൽ തീർച്ചയായും അല്ലാഹുവിന്റെ സഹായമുണ്ടാകുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഒരുപാട് പ്രവാചകന്മാർ കാണാൻ കൊതിച്ചിരുന്ന ആ വാഗ്ദത്ത മസീഹിനെ നേരിൽ കാണാൻ നിങ്ങൾക്ക് ഭാഗ്യം ലഭിച്ചിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജീവിതകാലത്ത് അവിടത്തെ സഹാബത്ത് നേരിൽ അദ്ദേഹത്തെ കണ്ടു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹവർഷവും അവർ കണ്ടു. ഈ കാഴ്ചകൾ കണ്ടിട്ട് അവരുടെ ഈമാനിനേയും അവർ പുതുക്കി. പക്ഷേ, ഇന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനുമേൽ സൂര്യൻ ഉദിച്ചുയരുന്ന ഓരോ ദിവസവും മഹത്തായ പുതിയ അനുഗ്രഹവർഷം ഉണ്ടാകുന്നതായിട്ട് നാം കാണുന്നു. ഇപ്പോൾ ജമാഅത്തിന്റെമേൽ പെയ്തുകൊണ്ടിരിക്കുന്ന അനുഗ്രഹവർഷവും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബർക്കത്താണ്. അല്ലാഹു മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനം ഓരോ ദിവസവും പൂർത്തിയാക്കി കാണിച്ചുകൊണ്ട് നമുക്ക് ആ മഹാത്മാവിനെതന്നെ കാണി

ച്ചുകൊണ്ടിരിക്കുകയാണ്. നാം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ തന്നെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അങ്ങേയറ്റം ഇക്കാലത്തെ വിലമതിച്ചും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനവുമായി ഒട്ടിനിന്നുകൊണ്ടും– അത് യഥാർത്ഥത്തിൽ അവിടത്തെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെതന്നെ അദ്ധ്യാപനമാണ്– നിങ്ങളുടെ ഇഹപരലോകങ്ങൾ അണിയിച്ചൊരുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുക. ഇതിനുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നിങ്ങളുടെ വിശ്വാസത്തെ ദൃഢമാക്കിക്കൊണ്ടുപോകുക. ഈമാനെ ദൃഢതരമാക്കുന്നതിനുവേണ്ടി മറ്റുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. എന്നല്ല ആ *ഖാത്തമുൽ ഔലിയാ*യിലേക്ക് മാത്രം നിങ്ങൾ നോക്കുക. ആ മഹാത്മാവിനെ അയക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തതാണ്. ആ മഹാത്മാവിനെയാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. നിങ്ങളുടെ വഴികൾ എപ്പോഴും ശുദ്ധമാക്കിവെക്കുക. നബി(സ)യുടെ പ്രവചനത്തെ പൂർത്തിയാക്കിയും ഏതൊരു വഴിയിലൂടെ നടന്നുകൊണ്ട് അല്ലാഹുവുമായിട്ടുള്ള ബന്ധം നിങ്ങൾ സ്ഥാപിച്ചിരിക്കുന്നുവോ ആ വഴിയിൽ നിന്ന് നിങ്ങളൊരിക്കലും തെറ്റിപ്പോകുന്നവരാകരുത്. അല്ലാഹുവുമായിട്ടുള്ള എല്ലാ കാര്യങ്ങളും വിശുദ്ധമാക്കിവെക്കുക. നിങ്ങളുടെ ഖിബ്‌ല നേരെയാക്കിവയ്ക്കുക. നിങ്ങളുടെ ഹൃദയങ്ങളിലെ കറുത്തപുള്ളികൾ കഴുകിക്കളയാൻ ശ്രമിക്കുക. മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്ക് എത്തിനോക്കാൻ ശ്രമിക്കാതിരിക്കുക. മരിച്ചതിനുശേഷം അല്ലാഹു ആരുടേയും ഭാരം നമ്മുടെമേൽ ഇടുകയില്ല. നമ്മുടെ ഭാരം മറ്റാരുടെമേലും ഇടുകയുമില്ല. ഹൃദയം പവിത്രമാക്കിവെക്കുന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും ഒരേയൊരു മാർഗ്ഗമേയുള്ളൂ. അതായത്, സ്വന്തം ഹൃദയത്തിലേക്ക് എപ്പോഴും എത്തിനോക്കിക്കൊണ്ടിരിക്കുക. സ്വന്തം കോളറുകളിൽ എപ്പോഴും ദൃഷ്ടിപതിപ്പിക്കുക. ഇതിലൂടെ അല്ലാഹു തൃപ്തിപ്പെടും. ഇതിലൂടെ ചുറ്റുവട്ടത്തുള്ള ഫിത്നകളും ഫസാദുകളും ഇല്ലാതാകും. ഇതിലൂടെ ഉദാത്തമായ സ്വഭാവഗുണങ്ങൾ സ്ഥാപിതമാകും. ഇതിലൂടെ ശത്രുത അകലും. ഇതിലൂടെ പകയിൽനിന്നും വിദ്വേഷത്തിൽനിന്നും മോചനം കിട്ടും. ഇതിലൂടെ സ്വഭാവപരമായ ദിവ്യാത്ഭുതങ്ങൾ ജനങ്ങളുടെ മുമ്പിൽ തെളിയും. അങ്ങനെ ജനങ്ങൾ നമ്മളിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങും. എന്നാൽ, ഇന്നയാൾ എന്റെ ഭക്ഷണമിഷ്ടപ്പെട്ടില്ല. ഇന്നയാൾ ഇന്ന ജോലി എന്തുകൊണ്ട് ചെയ്തില്ല എന്നൊക്കെ നമ്മൾ കുറ്റവും കുറവും പറഞ്ഞുകൊണ്ട് നടക്കുകയാണെങ്കിൽ ഒരിക്കലും ശത്രുത അവസാനിക്കുകയില്ല. വിദ്വേഷം അകലുകയില്ല. അസൂയ അവസാനിക്കുകയില്ല. സ്വഭാവപരമായ ദിവ്യാത്ഭുതങ്ങൾ വെളിപ്പെടുകയുമില്ല. സ്വഭാവത്തിന്റെ മാറ്റത്തിലൂടെ വെളിപ്പെടുന്ന ദിവ്യാത്ഭുതങ്ങളും നന്മയുടെ ഉന്നതമായ നിലവാരവും പ്രബോധനത്തിനുള്ള മൈതാനവും നമുക്കായി തുറക്കുമെന്ന കാര്യം ഓർമ്മിക്കുക. അടുത്തതലമുറയുടെ ശിക്ഷണത്തിനുള്ള സാഹചര്യങ്ങളും ഒരുങ്ങുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തീർച്ചയായും ഓർമ്മിച്ചുകൊള്ളുക, മുഅ്മിൻ– മുത്തഖിയുടെ മനസ്സിൽ ദ്രോഹപ്രവണതയുണ്ടാകുകയില്ല. മുഅ്മിൻ എത്രത്തോളം മുത്തഖിയാകുന്നുവോ അത്രത്തോളം ആർക്കെങ്കിലും ശിക്ഷ കിട്ടുന്നതും ആരെയെങ്കിലും ദ്രോഹിക്കുന്നതും ഇഷ്ടപ്പെടുകയില്ല. ഒരു യഥാർത്ഥ മുസ്‌ലിമിന് ഒരിക്കലും ആരോടും ശത്രുത പുലർത്താൻ കഴിയുകയില്ല. നമ്മുടെ വിരോധികൾ നമ്മോട് എന്തൊക്കെയാണ് ചെയ്തുകൂട്ടിയത്. അവർക്ക് ചെയ്യാവുന്ന എന്തെങ്കിലും ബുദ്ധിമുട്ടുകളും പീഢനങ്ങളും എനിക്കെതിരിൽ അവർ ചെയ്യാതിരുന്നിട്ടുണ്ടോ? എങ്കിലും എനിക്കെതിരിൽ ചെയ്തിട്ടുള്ള ആയിരക്കണക്കിന് പാപങ്ങൾ പൊറുത്തുകൊടുക്കാൻ ഞാൻ ഇപ്പോഴും തയ്യാറാണ്. അതിനാൽ ഞാനുമായി ബന്ധം വെക്കുന്ന നിങ്ങളും ഓർമ്മിക്കുക, ഏത് മതത്തിൽപെട്ടയാളായാലും എല്ലാവരോടും സഹതാപത്തോടെ വർത്തിക്കുക. മതപരമായ ഒരു വക ഭേദവും കൂടാതെ എല്ലാവർക്കും നന്മ ചെയ്യുക."

ഇതായിരുന്നു അവിടത്തെ മാതൃക. നമ്മളിൽനിന്നുള്ള അവിടത്തെ പ്രതീക്ഷ. അതായത്, അന്യരോട് സഹതാപം കാണിക്കുക. അന്യരോട് ഇങ്ങനെ പെരുമാറേണ്ടി വരുമ്പോൾ പരസ്പരം എത്രയധികം സ്നേഹത്തോടും സന്തോഷത്തോടും കൂടി ജീവിക്കേണ്ടതാണ്. അല്ലാഹതആല മുഅ്മിനിന്റെ ലക്ഷണം പറയുന്നത് ഇങ്ങനെയാണ്. അതായത്, നബി(സ) തിരുമേനിയെ പൂർണ്ണമായി വിശ്വസിക്കുന്നവരുടെ പരസ്പരമുള്ള പെരുമാറ്റം *റുഹമാഉ ബയ്നഹും* എന്നതിന്റെ പ്രതീകമായിരിക്കും. അപ്പോൾ മനുഷ്യർ പരസ്പരം ഇണങ്ങി ജീവിക്കുന്നവരായിത്തീരും. സ്നേഹത്തോടും സന്തോഷത്തോടും കൂടി

പെരുമാറുന്നവരായിത്തീരും.

അതുകൊണ്ട് ഉന്നതമായ ധാർമ്മികഗുണങ്ങൾ കാണിക്കുന്നതിനുവേണ്ടി, സ്വന്തം കാര്യങ്ങളിൽ ആവലാതിയും പരാതിയും ഉപേക്ഷിക്കാത്തിടത്തോളംകാലം നബി(സ) തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നവരിൽ നിങ്ങൾ എണ്ണപ്പെടുകയില്ല. എന്നാൽ, ഈ പദവികളൊന്നും അല്ലാഹുവിനോടു സഹായം ചോദിക്കാത്തിടത്തോളം കാലം നിങ്ങൾക്ക് ലഭിക്കുകയില്ല. കാരണം ശയ്ത്താൻ തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നവനാണ്. അവനോടുള്ള പോരാട്ടം അല്ലാഹുവിന്റെ സഹായവും അവന്റെ കാരുണ്യവും കൂടാതെ വിജയിക്കുകയില്ല. അതുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കരഞ്ഞുകരഞ്ഞു ദുആ ചെയ്യുകയും അവനോട് സഹായം തേടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അവന്റെ കരുണ ആകർഷിച്ചെടുക്കാനും ഇക്കാര്യങ്ങൾ കൂടിയേതീരൂ. അതിനോടൊപ്പം പരിശുദ്ധമാനസരായിക്കൊണ്ട് തിന്മകളിൽനിന്നെല്ലാം മോചിതനാകാനും ശ്രമിക്കേണ്ടതാണ്. ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ഇന്ദ്രിയാശകളുടെ വേലിയേറ്റത്താലുണ്ടാകുന്ന ഈ കൊടുങ്കാറ്റും പ്രളയവും അങ്ങേയറ്റം കഠിനതരമാണ്. അല്ലാഹുവിന്റെ കാരുണ്യം കൂടാതെ അതകലുക സാദ്ധ്യമേയല്ല. ശരീരത്തിലെ അവയവങ്ങളിൽ ഏറ്റവും ഉറപ്പുള്ളതും ദീർഘനാൾ നിലനില്ക്കുന്നതും എല്ല് ആണെന്നതുപോലെ ഈ പ്രളയത്തെ അകറ്റുന്നതായ ഈമാനിക ശക്തിയും അങ്ങേയറ്റം കടുപ്പമുള്ളതും ദീർഘായുസ്സുള്ളതുമാണ്. അത്തരം ശത്രുക്കളെ ദീർഘകാലംവരെ നേരിട്ട് നശിപ്പിക്കുന്നതിനുവേണ്ടിയാണിത്. അതും അല്ലാഹുവിന്റെ കാരുണ്യംകൊണ്ടാണ് ഉണ്ടാകുന്നത്. ആ കാരുണ്യം വലിച്ചെടുക്കുന്നതിനായി അല്ലാഹുവിനോട് ബന്ധം സ്ഥാപിക്കുന്നതിനോടൊപ്പം ആ തിന്മകളെല്ലാം അകറ്റാനും ശ്രമിക്കേണ്ടതാണ്. അല്ലാഹുവിനോട് ദുആ ഇരന്നുകൊണ്ട്, അവന്റെ അനുഗ്രഹവും കാരുണ്യവും സഹായവും അപേക്ഷിച്ചുകൊണ്ട് ദൃഢമായ തീരുമാനത്തോടെ നാം തിന്മകളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു ആ തരംതാണ ആഗ്രഹങ്ങളിൽനിന്നും ഇന്ദ്രിയാശകളിൽനിന്നും നമ്മെ രക്ഷിക്കുന്നതാണ്. ‘അല്ലാഹുവേ, എന്റെ ആത്മാവിന്റെ ശത്രുതയിൽനിന്ന് എന്നെ നീ രക്ഷിക്കേണമേ. എന്നെ കോപമാകുന്ന ശാപത്തിൽനിന്ന് രക്ഷിക്കേണമേ. എന്റെ ഉള്ളിൽനിന്ന് അസൂയയുടെ രോഗം അകറ്റിക്കളയേണമേ’ എന്ന് ബാഹ്യമായി നാം അല്ലാഹുവിനോട് ദുആ ചെയ്യുന്നു. എന്നാൽ അതിനോടൊപ്പം അല്ലാഹുവും അവന്റെ റസൂലും അതകറ്റുന്നതിനുവേണ്ടി പറഞ്ഞ മാർഗ്ഗങ്ങൾ നാം സ്വീകരിക്കുന്നില്ലെങ്കിൽ ആ ദോഷങ്ങൾ വളരുകയേയുള്ളൂ. അങ്ങനെ വരുമ്പോൾ നമ്മൾ ചെയ്ത ആ ദുആ അല്ലാഹു പറഞ്ഞപ്രകാരമുള്ള ദുആ ആവുകയില്ല. കോപത്തെ തണുപ്പിക്കാൻ അല്ലാഹു പറയുന്നു. തണുപ്പിക്കാൻ മാത്രമല്ല അല്ലാഹു പറഞ്ഞത് പ്രത്യുത മറ്റുള്ളവർക്ക് മാപ്പുകൊടുക്കാനും ഉപദേശിച്ചിരിക്കുന്നു. മാപ്പ് കൊടുക്കാൻ മാത്രമല്ല പറഞ്ഞത് എന്തെങ്കിലും ഉപകാരം ചെയ്യാനും പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു. നില്ക്കുമ്പോഴാണ് നിങ്ങൾക്ക് ദേഷ്യം വന്നതെങ്കിൽ നിങ്ങൾ ഇരിക്കുക. ഇരിക്കുമ്പോഴാണെങ്കിൽ കിടക്കുക. തണുത്ത വെള്ളം കൊണ്ട് മുഖം കഴുകുക. വുളു ചെയ്യുക. കോപം തണുപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുമ്പോൾ പകയും അസൂയയും അവസാനിക്കും. ജോലി ചെയ്യുന്നവരും ലോകത്തെക്കുറിച്ച് അറിവുള്ളവരും ദീൻ അറിയുന്നവരും തങ്ങളുടെ രീതി മാറ്റുന്നില്ലെങ്കിൽ മറ്റുള്ളവരോട് അവർ എന്ത് ഉപദേശിക്കാനാണ്? ജോലി ചെയ്യുന്നവർ എന്ന് ഞാൻ പറഞ്ഞത് ജമാഅത്തിന് സേവനം ചെയ്യുന്നവരെയാണ്. അവർക്ക് മറ്റുള്ളവരെ എങ്ങനെയാണ് ഉപദേശിക്കാൻ കഴിയുക? സ്വന്തം ആത്മാവിന്റെ ശയ്ത്താനിൽനിന്ന് സ്വയം നിങ്ങളെ സുരക്ഷിതരാക്കി വയ്ക്കുക എന്ന് എങ്ങനെയാണ് മറ്റുള്ളവരോട് പറയാൻ കഴിയുക. നിങ്ങൾ ചെയ്യാത്തത് മറ്റുള്ളവരോട് ചെയ്യാൻ പറയരുതെന്ന് അല്ലാഹു പറയുന്നു. ആദ്യം നിങ്ങളിലേക്ക് നോക്കുക. ആത്മപരിശോധന നടത്തുക. സ്വയം മാറ്റമുണ്ടാക്കുക. പിന്നീട് മറ്റുള്ളവരുടെ പരിഷ്കരണത്തിലേക്കും ശ്രദ്ധിക്കുക. അതിനാൽ ഓരോ അഹ്മദിയും വലിയവരും ഭാരവാഹികളും ഉത്തരവാദിത്തം വഹിക്കുന്നവരും തങ്ങളിൽ അർപ്പിതമായിരിക്കുന്ന ഉത്തരവാദിത്തത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അപ്പോഴാണ് സ്നേഹത്തിന്റേയും സന്തോഷത്തിനന്റേയും അന്തരീക്ഷം ഉണ്ടായിവരുന്നത്. ജമാഅത്തിന്റെ അഭിവൃദ്ധിക്കുള്ള സാഹചര്യങ്ങൾ മുമ്പത്തേക്കാൾ അധികമായുണ്ടാകുന്നതും അങ്ങനെ തന്നെ. ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇത് അത്യാവശ്യമാണ്. വളരെ അത്യാവശ്യമാണ്. പ്രത്യേകിച്ച്, നമ്മുടെ ജമാഅത്തിന്. ഇതിനെ അല്ലാഹു ജനങ്ങൾക്ക് മാതൃകയായി തിരഞ്ഞെ

ടുത്തതാണ്. പറയുന്നു. അല്ലാഹു ആഗ്രഹിക്കുന്നത് നിങ്ങൾ വരുംതലമുറയ്ക്കും മാതൃകയാവണമെന്നാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളെ നന്മയിൽ നിലനിർത്തുക. സകല പ്രവൃത്തികളിലും അനക്കമടക്കങ്ങളിലും മുഴുകിക്കൊണ്ട് നിങ്ങൾ മറ്റുള്ളവർക്ക് മാതൃക സ്ഥാപിക്കുന്നവരാകണം. മറ്റുള്ളവർക്ക് ഇതുമുഖേന മാതൃകയാവുന്നുണ്ടോ എന്ന് നിങ്ങൾ നോക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഈ ഉദ്ദേശ്യം കൈവരിക്കുന്നതിന് എത്രത്തോളം പദ്ധതികൾ തയ്യാറാക്കാമോ അത് അത്രയും തയ്യാറാക്കുക. അതിലൊരു കുറവും വരുത്താൻ പാടില്ല. ഓർമ്മിച്ചുകൊള്ളുക. തഖ്‌വയും നന്മയും ലഭ്യമാകുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക എന്നതും അദൃശ്യമായ ഒരാരാധനയാണ്. നന്മയും തഖ്‌വയും ആഗ്രഹിക്കുന്നുവെങ്കിൽ അതിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഇബാദത്താണ്. അതിനെ നിസ്സാരമായി കാണരുത്. മനുഷ്യൻ പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിന്റെ നടപടി എന്ന് പറയുന്നത് അവനുവേണ്ടി എന്തെങ്കിലും വഴി തുറന്നുകൊടുക്കുക എന്നതാണ്. അത് തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള വഴിയാണ്.

പറയുന്നു: "ഞാൻ സത്യമായും സത്യമായും പറയുന്നു. മനുഷ്യൻ നഫ്സെ അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവിന്റെ കസ്റ്റഡിയിലായിരുന്നിട്ടും പ്രയത്നിച്ചുകൊണ്ടിരുന്നാൽ അവന്റെ ദോഷപ്രവണമായ ആത്മാവ് ദോഷപ്രവണമായ കാര്യങ്ങളിൽനിന്ന് ദൈവാനുഗ്രഹത്താൽ പുറത്തുചാടി നഫ്സെ ലവ്വാമ അഥവാ സ്വയം ശാസകാത്മാവായിത്തീരുന്നു. വളരെ ആദരണീയമായ മാറ്റം അതിനുണ്ടാകുന്നു. അത് അമ്മാറ അഥവാ ദോഷപ്രവണത ഉള്ളതായിരുന്നു. ശാപത്തിന്നർഹമായിരുന്നു. പിന്നീടതിന് മാന്യത കൈവന്നു. എത്രത്തോളമെന്നാൽ അല്ലാഹു അതിനെക്കൊണ്ട് സത്യം ചെയ്യുന്നു. എന്താണ് നഫ്സെ അമ്മാറയും നഫ്സെ ലവ്വാമയും? ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അമ്മാറയുടെ അവസ്ഥയിൽ മനുഷ്യന് വികാരങ്ങളേയും കോപങ്ങളേയും നിയന്ത്രിക്കാൻ പറ്റുകയില്ല. വികാരങ്ങൾ നിയന്ത്രണാതീതമായിപ്പോകുന്നു. പെട്ടെന്ന് ദേഷ്യം വരുന്നു. തിന്മകളുണ്ടാകുന്നു. അങ്ങനെ കണക്കുകൂട്ടലുകളിൽ നിന്നെല്ലാം പുറത്തുചാടുന്നു. സൽസ്വഭാവങ്ങളിൽനിന്ന് താഴെ വീഴുന്നു. ശയ്ത്താന്റെ പിടിത്തത്തിൽ അകപ്പെടുന്നു. അവനിലേക്ക് അധികമായി കുനിയുന്നു. പക്ഷേ, ലവ്വാമ എന്ന അവസ്ഥയിൽ, ചെയ്തുപോയ തെറ്റുകളിൽ ലജ്ജിക്കുന്നു. ലജ്ജിതനായിക്കൊണ്ട് അല്ലാഹുവിലേക്ക് കുനിയുന്നു. എന്നാൽ, ഈ അവസ്ഥയിലും ശക്തമായൊരു യുദ്ധം നടക്കുന്നുണ്ട്. ചിലപ്പോൾ ശയ്ത്താനിലേക്ക് കുനിയും. ചിലപ്പോൾ റഹ്മാനായ അല്ലാഹുവിലേക്ക് കുനിയും. അല്ലാഹുവിനോട് കാരുണ്യം ചോദിച്ചുകൊണ്ട് അവന്റെ മുമ്പിൽ കുനിയാൻ നാം ശ്രമിച്ചുകൊണ്ടിരുന്നാൽ നഫ്സെ മുത്മയിന്ന അഥവാ ശാന്തിപ്രാപിച്ച ആത്മാവ് ലഭിക്കുന്ന ഒരു സമയം വരും. അതുകൊണ്ട് എന്ത് ജോലി ചെയ്യുകയാണെങ്കിലും അത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കണം. എങ്കിൽ മാത്രമേ മനശാന്തി കൈവരിക്കാൻ പറ്റുകയുള്ളൂ. മനസ്സിന് ശാന്തിയും സമാധാനവും ലഭിക്കുകയുള്ളൂ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എത്രത്തോളം അവൻ തന്റെ ആത്മാവിനെ അല്ലാഹുവിലേക്ക് കുനിയുന്നതിനായി പ്രേരിപ്പിച്ചുകൊണ്ടിരിക്കുമോ അത്രത്തോളം അവൻ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവനായിരിക്കും. ഇഹലോകവുമായി ബന്ധപ്പെട്ട ഈ ചെറിയ ചെറിയ കാര്യങ്ങൾ, ഇന്ദ്രിയാശകൾ പേരും പെരുമയും ദേഷ്യം അസൂയ, കളവ് തുടങ്ങി എല്ലാ ദോഷങ്ങളും അകന്നുപോകുന്നതാണ്. അതുകൊണ്ട് ശാന്തി പ്രാപിച്ച ആത്മാവിന്റേയും ദോഷപ്രവണമായ ആത്മാവിന്റേയും ഇടയിലുള്ളത് സ്വയം ശാസകാത്മാവാണ്. എത്രത്തോളം അധികം മനുഷ്യൻ തന്റെ പോരായ്മകളിൽ ദൃഷ്ടി പതിപ്പിക്കുമോ അത്രത്തോളം മുത്മയിന്നയിലേക്ക് അവൻ കുനിഞ്ഞുകൊണ്ടേയിരിക്കും."

സ്വന്തം ബലഹീനതകളെ നോക്കിക്കൊണ്ടിരിക്കുക എന്നതാണ് പ്രധാന കാര്യം. അതായത് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആരെങ്കിലും ഒരാളെ ചീത്ത പറഞ്ഞാൽ അവൻ അടിക്കാനും കൊല്ലാനും പോലും മുതിരുന്നു. ഓരോരുത്തരും അവരവരുടെ തിന്മയിലേക്ക് നോക്കുകയാണെങ്കിൽ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ക്ഷണത്തിൽ ഒരിക്കലും കോപിക്കുകയില്ല. ക്ഷമയോടും സഹനത്തോടും കൂടി ഓരോരുത്തരും പ്രവർത്തിക്കുമ്പോൾ ചെറിയ ചെറിയ പ്രശ്നങ്ങളും ആവലാതികളും പരാതികളും ഉണ്ടാകുകയില്ല. ഇനിയുണ്ടായാൽത്തന്നെ ഉടനെ അത് ഇല്ലാതാവുകയും ചെയ്യും. ഒരു മഹാത്മാവിനെ

ക്കുറിച്ച് പറയുന്നു: അദ്ദേഹം ബാസാറിലൂടെ പോകുകയായിരുന്നു. ഒരാൾ അയാളെ ചീത്ത പറയാൻ തുടങ്ങി. അദ്ദേഹത്തെ വിളിക്കാത്ത ഒരു ചീത്തയുമുണ്ടായിരുന്നില്ല. അദ്ദേഹം അയാൾ പറയുന്ന എല്ലാ കാര്യങ്ങളും നിശ്ശബ്ദനായി കേട്ടുകൊണ്ടിരുന്നു. അയാൾ നിശ്ശബ്ദനായപ്പോൾ അദ്ദേഹം പറഞ്ഞു: താങ്കൾ എന്നെക്കൊണ്ട് എണ്ണിപ്പിച്ച എല്ലാ ദോഷങ്ങളും യഥാർത്ഥത്തിൽ എന്നിലുണ്ടെങ്കിൽ ഞാനും അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നു. താങ്കളും എനിക്കു പൊറുത്തുകിട്ടാൻ അല്ലാഹുവിനോട് ദുആ ഇരക്കുക. ആ ചീത്ത പറഞ്ഞയാൾ അനിയന്ത്രിതനായി അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. താൻ തെറ്റിലാണെന്നും ഒരു ദോഷവും താങ്കളിലില്ലെന്നും അയാൾ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു. അങ്ങനെയാണെങ്കിൽ, അല്ലാഹു താങ്കൾക്ക് പൊറുത്തുതരികയും കരുണ ചെയ്യുകയും ചെയ്യുമാറാകട്ടെ.

വ്യർത്ഥമായ സംസാരങ്ങൾ ഇല്ലാതാകുന്നതിനും നന്മകൾ പരത്തുന്നതിനുമുള്ള രീതിയാണിത്. വഴക്കും കലഹവും ഇട്ട് ജമാഅത്തിന്റെ ദുഷ്പ്പേരിന് കാരണമായിത്തീരുന്നവർ, ഇതിൽനിന്ന് മുറിക്കപ്പെടുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായ ഭാഷയിൽ ഇത് പറഞ്ഞിട്ടുണ്ട്. അതിനാൽ, തെറ്റുപറ്റിപ്പോയാൽ വിട്ടുവീഴ്ചയോടുകൂടി പെരുമാറേണ്ടതാണ്. ആരെങ്കിലും അതിര് ലംഘിക്കുകയാണെങ്കിൽ, സഹനത്തിന് വെളിയിലാണെങ്കിൽ, അതിൽ ജമാഅത്തിന് ദുഷ്പ്പേരുണ്ടാകുമെന്ന് കണ്ടാൽ ജമാഅത്തിലെ ബന്ധപ്പെട്ടവരെ, അല്ലെങ്കിൽ ഖലീഫയെ അതറിയിച്ചുകൊണ്ട് നിശ്ശബ്ദനായിരിക്കണം. ഇന്നയാൾ അല്ലെങ്കിൽ ഇന്നയിന്ന ഭാരവാഹികൾ ഒരാൾ മറ്റൊരാൾക്കെതിരിൽ പകയും വിദ്വേഷവും വെച്ചുപുലർത്തുന്നു എന്ന തോന്നൽ മൂന്നാമതൊരാൾക്കുണ്ടാകാൻ പാടില്ല. തെറ്റുകൾ ഓരോരുത്തരിൽനിന്നും ഉണ്ടാകാറുണ്ട്. ഇന്ന് സൈദ് തെറ്റു ചെയ്തെങ്കിൽ നാളെ ബക്കറിൽനിന്നും ആ തെറ്റുണ്ടാകും. അതുകൊണ്ട് പകമനസ്സിൽവെച്ചുകൊണ്ട് ഒരു കാര്യത്തിന്റേയും പിന്നാലെ പോകാൻ പാടില്ല. ഓരോരുത്തരിലും ദോഷവും ഗുണവുമുണ്ട്. അത് ഓരോരുത്തരും കണ്ടെത്താൻ ശ്രമിക്കുക. ഇതുമുഖേനയാണ് സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം ഉണ്ടാകുന്നത്. അതുകൊണ്ട് ഓരോരുത്തരും അവരുടെ മാതൃക സ്ഥാപിക്കേണ്ടത് ആവശ്യമാണ്. അത് ഭാരവാഹിയാവട്ടെ, അല്ലെങ്കിൽ സാധാരണ അഹ്മദിയാവട്ടെ, ലജ്ന അംഗമാകട്ടെ അൻസാർ അംഗമാകട്ടെ, ഖുദ്ദാമാകട്ടെ, ഈ മാതൃക എല്ലായിടത്തും സ്ഥാപിതമായാൽ ജമാഅത്ത് അഭിവൃദ്ധിയുടെ പ്രബോധനപരമായ നിലയിലും ഉയരുന്നതാണ്. ശിക്ഷണപരമായ നിലയിലും ജമാഅത്ത് അഭിവൃദ്ധിപ്പെടും. വരുംതലമുറയും അഹ്മദിയ്യത്തിന്റെ യഥാർത്ഥ വക്താക്കളായി വളർന്നുവരും. എന്നല്ല, അവർ ജമാഅത്തിന്റെ ഒരു വിലപിടിച്ച ഭാഗമായിത്തീരും. നാവ് എന്ന് പറയുന്നത് ഒരു പ്രത്യേക വസ്തുവാണ്. അതുമുഖേന സ്നേഹവുമുണ്ടാകുന്നു. കൊലപാതകവും ഉണ്ടാകുന്നു. അതിനെ ശരിയായനിലയിൽ ഉപയോഗിക്കേണ്ടത് അങ്ങേയറ്റം അനിവാര്യമാണ്. നബി(സ) തിരുമേനി ആരോ ചോദിച്ചപ്പോൾ, ഇസ്ലാമിന്റെ സവിശേഷഗുണമായി ഇങ്ങനെ പറഞ്ഞു: അവൻ നിരർത്ഥകമായ കാര്യങ്ങൾ ഉപേക്ഷിക്കട്ടെ. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്ന സംസാരങ്ങളിൽനിന്ന് പിന്മാറട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ഉദാത്തമായ സ്വഭാവത്തെക്കുറിച്ച് പറയുന്നു. കപടവിശ്വാസിയുടെ ജനാസ നിസ്കരിച്ചുകൊണ്ടും നബി(സ) തിരുമേനി ഉദാത്തമായ മാതൃക കാണിച്ചു. എന്നല്ല, തന്റെ അനുഗൃഹീതമായ കുപ്പായം അയാളുടെമേൽ വിവരിച്ചു. പറഞ്ഞു: സ്വഭാവം നന്നാക്കിത്തീർക്കുക എന്നത് ദുഷ്കരമായ പ്രവൃത്തിയാണ്. മനുഷ്യൻ സ്വയം തന്നെക്കുറിച്ച് പഠിക്കാത്തിടത്തോളംകാലം ഈ പരിഷ്ക്കരണം ഉണ്ടാകുകയില്ല. നാവിന്റെ ദുഷ്പ്പെരുമാറ്റം ശത്രുതയെ വിളിച്ചുവരുത്തുന്നു. അതുകൊണ്ട് സ്വന്തം നാവുകളെപ്പോലും നിയന്ത്രിച്ചുനിർത്തേണ്ടതാണ്. നോക്കൂ! ഒരാളെ തന്റെ നന്മയാഗ്രഹിക്കുന്നവനാണെന്ന് ഒരാൾ കണ്ടാൽ അയാളോട് അയാൾ ശത്രുത പുലർത്തുകയില്ല. അങ്ങനെ വരുമ്പോൾ സ്വന്തം ആത്മാവിന്റെമേൽപോലും കരുണ കാണിക്കാതിരിക്കുകയും സ്വന്തം ജീവനെ അപകടത്തിലിടുകയും ചെയ്യുന്നവൻ എത്രമാത്രം വിഡ്ഢിയാണ്. അവൻ തന്റെ കഴിവുകൾ നല്ല കാര്യത്തിനായി വിനിയോഗിക്കുന്നില്ല. സ്വഭാവപരമായി ശക്തിപ്പെടാൻ അതിന് ശിക്ഷണം നല്കുന്നില്ല. ഓരോ വ്യക്തിയോടും മൃദുലതയോടും സന്തോഷത്തോടുംകൂടി പെരുമാറേണ്ടതാണ്. ഇത് ജമാഅത്തിലെ ഓരോ അംഗവും സ്വായത്തമാക്കുകയാണെങ്കിൽ ജമാഅത്തിന്റെ അന്തസ്സിന് അത് കാരണമായിത്തീരുന്നതാണ്.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സ്വഭാവം നന്നല്ലാത്തവന്റെ ഈമാനെ സംബന്ധിച്ച് ഞാൻ ഭയപ്പെടുന്നു. കാരണം അവനിൽ അഹങ്കാരത്തിന്റെ ഒരു വേരുണ്ട്. അതുകൊണ്ട് അവന്റെ സ്വന്തം സ്വഭാവാവസ്ഥ ഇതാണെങ്കിൽ, മറ്റുള്ളവരെ ഉപദേശിക്കാൻ അവനെന്ത് അവകാശമാണുള്ളത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹുതആല ഒരു വലിയ ഉദ്ദേശ്യത്തിനായിട്ടാണ് നിയോഗിച്ചത്. അവിടന്ന് തയ്യാറാക്കിയ ബയ്അത്തിന്റെ നിബന്ധനകളിൽ, അല്ലാഹുവിനെ ആരാധിക്കുന്നതിൽ ഉന്നതമായ നില സ്ഥാപിക്കാനും ഉദാത്തമായ മാതൃക നിലനാട്ടാനും ഉപദേശിച്ചിരിക്കുന്നു. അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അംഗമാണെന്ന് അവകാശപ്പെടുന്ന ഓരോ അഹ്മദിയുടേയും വലിയ ഉത്തരവാദിത്തമാണ് ഇത്. എന്നല്ല, ഉത്തരവാദമേല്പിക്കപ്പെട്ടിരിക്കുകയാണ്. അതായത്, ആ ഉയർന്നനില കരസ്ഥമാക്കാൻ ശ്രമിക്കുക. കാരണം ഈ ഉടമ്പടി ഹസ്റത്ത് മസീഹ് മൗഊദു(അ)മായി ചെയ്യുന്നത് അല്ലാഹുവിനെ സാക്ഷിനിറുത്തിക്കൊണ്ടാണ്. ഇത് നാം ചെയ്യുന്നില്ലെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, മറ്റുള്ളവരെ ഉപദേശിക്കാൻ നമുക്കെന്ത് അവകാശമാണുള്ളത്.

ഞാൻ ആദ്യം പറഞ്ഞതുപോലെ, തബ്ലീഗ് രംഗത്തും അഭിവൃദ്ധിപ്പെടുന്നതിനായി നമ്മുടെ പ്രവർത്തനപരമായ അവസ്ഥ നന്നാക്കിയെടുക്കേണ്ടത് അങ്ങേയറ്റം നിർബന്ധമായ കാര്യമാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതും ഇതു തന്നെയാണ്. നിങ്ങൾ സ്വയം നിങ്ങളുടെ സ്വഭാവത്തിൽ മാറ്റം വരുത്തുന്നില്ലെങ്കിൽ, മറ്റുള്ളവരോട് നിങ്ങൾ എന്തു പറയാനാണ്.

മറ്റൊരു കാര്യം ഞാൻ പറയാനാഗ്രഹിക്കുന്നത്, നിങ്ങളുടെ പ്രവൃത്തികൾ നന്നാക്കിത്തീർത്തുകൊണ്ട്, പരമകാരുണികനായ അല്ലാഹുവിന്റെ ദാസരായിക്കൊണ്ട്, നബി(സ) തിരുമേനിയുടെമേൽ ഇറക്കിയ അവന്റെ ഈ മനോഹരമായ സന്ദേശത്തെ, അത് പ്രചരിപ്പിക്കേണ്ട ജോലി ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഇക്കാലത്ത് ജമാഅത്തിന്റെ മേലാണ് അർപ്പിതമായിട്ടുള്ളത്, അത് രാജ്യം മുഴുവൻ പ്രചരിപ്പിക്കുക എന്നതാണ്. നോക്കുക, സ്വയം വിലയിരുത്തുക, പരിശോധിക്കുക. എവിടെയൊക്കെയാണ് കുറവുകൾ എന്ന് കണ്ടെത്തുക. അത് നികത്തിക്കൊണ്ട് ഈ സന്ദേശമെത്തിക്കുക എന്ന പ്രവൃത്തിയും നല്ലരീതിയിൽ ചെയ്യാൻ ശ്രമിക്കുക. ഇതിൽ ഇപ്പോഴും വലിയ വിടവുണ്ട്. ജമാഅത്തിന്റെ നിസാമും, പോഷകസംഘടനകളുടെ നിസാമും ഇക്കാര്യത്തിൽ പദ്ധതികൾ തയ്യാറാക്കുക. വെറും ബുക്സ്റ്റാൾ ഇടുന്നതുകൊണ്ടോ പത്തു ദിവസം തബ്ലീഗ് ദിനങ്ങളായി കൊണ്ടാടുന്നതുകൊണ്ടോ ലക്ഷ്യം പ്രാപിക്കാനൊക്കുകയില്ല. ഇത്രയും പ്രവൃത്തി വിജയമുണ്ടാക്കുകയുമില്ല. ഇതിനുവേണ്ടി കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിവരും. വ്യക്തിപരമായ ബന്ധങ്ങൾ സ്ഥാപിക്കുക തുടങ്ങി മറ്റുപലതും. ഇവിടെയുള്ള വിവിധ ജനതകളെക്കുറിച്ച് പഠിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്. തബ്ലീഗിനുള്ള പുതിയ വഴികൾ അന്വേഷിച്ചുകണ്ടെത്തുക. ഓരോ ജനവിഭാഗത്തിന്റേയും അടുക്കൽ എത്തിച്ചേരാൻ ശ്രമിക്കുക. ബന്ധങ്ങളുണ്ടായിക്കഴിഞ്ഞാൽ അതെപ്പോഴും നിലനിറുത്തുക. അവരുമായി തുടർച്ചയായി ബന്ധപ്പെടുക. ഇതുസംബന്ധമായി മറ്റൊന്നുകൂടി പറയാനാഗ്രഹിക്കുകയാണ്. തദ്ദേശവാസികളായ ചില അഹ്മദികൾക്ക് ഈ പരാതിയുള്ളതായി അറിയാൻ കഴിഞ്ഞു. ഇവിടെ പാക്കിസ്ഥാനികളാണ് അധികമുള്ളത്. മീറ്റിംഗുകളിൽ ഇവിടെത്തെ ഭാഷ ഉപയോഗിക്കേണ്ടതാണ്. ഇംഗ്ലീഷിൽ പരിപാടികൾ നടത്തണം. ദ്വീപുകളിൽനിന്നുള്ള അഹ്മദികളും കാര്യങ്ങൾ മനസ്സിലാക്കുന്നതിന് അവർക്ക് മനസ്സിലാകുന്ന ഭാഷയിലും പരിപാടി വയ്ക്കേണ്ടതാണ്. പാക്കിസ്ഥാനികളായ നിങ്ങൾക്ക് ഉർദു അറിയാം. എന്നാലും ഇംഗ്ലീഷിലാണ് ഏറ്റവും എളുപ്പം. ഇവിടെ താമസിക്കുന്നവർക്കും, ഇവിടെ പഠിച്ചുവളർന്ന കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ കൂടുതൽ അറിയാം– പ്രായംചെന്ന ചിലരൊഴികെ. അവർക്ക് തർജമ ഏർപ്പാട് ചെയ്യാവുന്നതാണ്. ഇല്ലെങ്കിൽ ഉർദുവിൽ സംക്ഷിപ്തമായി പരിപാടി നടത്താനും കഴിയും. എന്തായാലും പാക്കിസ്ഥാനികളല്ലാത്തവരുടെ ഈ പരാതി അകലേണ്ടതാണ്. തങ്ങൾ ജമാഅത്തിന്റെ ഭാഗമല്ല എന്ന് തോന്നുംവിധമുള്ള അവസ്ഥ ഉണ്ടാകരുത്. ഈ ചിന്താഗതി അപകടകരവുമായേക്കാം. പുതിയതായി വരുന്ന അഹ്മദികളെ പ്രയോജനപ്പെടുത്തുകയും ചെയ്യുക. അവരുടെ പരാതികൾ അകറ്റുക. പുതിയതായി വന്നിട്ടുള്ള ചിലരോട് ഞാൻ ചോദിക്കുകയും ചെയ്തിരുന്നു. അവരെ പഠിപ്പിക്കാനുള്ള ഏർപ്പാടുണ്ടാവേണ്ടതാണ്. ദീനീപരമായ കാര്യങ്ങൾ സ്ത്രീകളെ

പഠിപ്പിക്കാൻ ലജ്ന ഇമായില്ലാഹ് ഏർപ്പാട് ചെയ്യേണ്ടതാണ്. പുരുഷന്മാർക്ക് പോഷക സംഘടനകൾ ഏർപ്പെട്ട് ചെയ്യുക. മൊത്തത്തിൽ ജമാഅത്ത് പരിശോധന നടത്തേണ്ടതാണ്. പോഷകസംഘടനകൾ പൂർണ്ണമായും പ്രവർത്തന നിരതമല്ലെങ്കിൽ, ജമാഅത്ത് അതിനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. പോഷകസംഘടന അലസത കാണിക്കുന്നെങ്കിൽ അതിനെക്കുറിച്ച് എന്നെ അറിയിക്കുക. ഇങ്ങനെ പ്രവർത്തിക്കുകയാണെങ്കിൽ, എല്ലാ അഹ്മദികളേയും പ്രവർത്തന സജ്ജമാക്കാൻ കഴിയും.

ചില ഫിജിയൻ അഹ്മദികൾക്കും പരാതിയുണ്ടെന്ന് ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞതാണ്. ചിലപ്പോൾ അവർ ഇവിടെ വരുമ്പോൾ അന്യരാണെന്ന തോന്നൽ അവർക്കുണ്ടാകുന്നു. അതിനുള്ള ഒരു ചികിത്സ ഇതുതന്നെയാണ്. ഞാൻ അവരോടും പറയട്ടെ. നിങ്ങൾ അഹ്മദിയായി. നിങ്ങൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചു. മനസ്സിലാക്കി. അതുകൊണ്ട് അധികമധികമായി ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക. അതുകണ്ടുകൊണ്ട് സംഘാടകർ നിങ്ങളെ വിനിയോഗിക്കാൻ നിർബന്ധിതരായിത്തീരണം. തബ്ലീഗിന്റെ വലിയ മൈതാനം കാലിയായി കിടപ്പുണ്ട്. ഓരോ അഹ്മദിക്കും അത് തുറന്നുകിടക്കുന്നു. അതിൽ മുന്നോട്ടു ഗമിക്കുക. വ്യക്തിപരമായ ബന്ധം സ്ഥാപിച്ചും, മറ്റു മാർഗ്ഗങ്ങൾ സ്വായത്തമാക്കിയും തബ്ലീഗ് പ്രവർത്തനം ചെയ്യുക. അതിന് കൂടുതൽ സമയം നല്കുക. പ്രവർത്തിക്കുന്ന നല്ലൊരു വിഭാഗത്തെ യുവാക്കളിൽ എനിക്ക് കാണാൻ കഴിഞ്ഞു. പ്രായമുള്ള സ്ത്രീകൾ അവരുടെ കഴിവിന്നനുസരിച്ച് തബ്ലീഗ് രംഗത്തേക്ക് വരേണ്ടതാണ്. എന്തായാലും പോഷക സംഘടനകളെല്ലാം ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. എന്തുകൊണ്ടാണ് ഈ പരാതി ഉയരുന്നതെന്ന് നോക്കേണ്ടതാണ്. അത് രണ്ടോ നാലോ പേരിൽ നിന്നാണെങ്കിലും വേണ്ടില്ല. എന്നാൽ, പരാതിപ്പെടുന്നവർ അസ്വസ്ഥത സൃഷ്ടിക്കാൻ കാരണക്കാരായിത്തീരാറുണ്ട്. അൻസാറുല്ലായുടെ സദ്ർ ഫിജിയൻവാസിയാണെന്ന് തോന്നുന്നു. തങ്ങളുടെ ആളുകളുടെ ഇംഗിതമനുസരിച്ച് അദ്ദേഹത്തിന് പരിപാടി തയ്യാറാക്കാൻ കഴിയും. ലജ്ന ഇമായില്ലായും പരിശോധിക്കേണ്ടതാണ്. പാക്കിസ്ഥാനികളല്ലാത്ത അഹ്മദികൾ, അല്ലെങ്കിൽ പാക്കിസ്ഥാനി ചെറുപ്പക്കാർ മറ്റു നാടുകളിലും പോകുകയും അവിടെ ദീർഘകാലമായി കഴിയുകയും ചെയ്യുന്നുണ്ട്. അവരെക്കുറിച്ച് വിവരമൊന്നുമില്ല. അത്തരക്കാരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. അവരുടെ സാമൂഹികജീവിതവും തികച്ചും മാറിയിട്ടുണ്ടാകും. ഇങ്ങനെയായാൽ അവരേയും ജമാഅത്തിന്റെ പ്രവർത്തനനിരതമായ ഭാഗമാക്കിത്തീർക്കാൻ കഴിയും. അവരുടെ പരാതി അകലാൻ നിങ്ങൾ പ്രവർത്തിക്കുക. ഹൃദയം തുറക്കുകയും ഉത്സാഹം കാണിക്കുകയും ചെയ്യേണ്ട ആവശ്യം ഇപ്പോഴുണ്ട്. ഓരോ വിഭാഗവും അവരുടെ തഖ്‌വയുടെ നിലവാരം ഉയർത്തേണ്ടത് അനിവാര്യമാണ്. കാരണം ഇതുകൂടാതെ, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ഏതൊരു ഉദ്ദേശ്യത്തോടെ അല്ലാഹു അയച്ചുവോ ആ ഉദ്ദേശ്യം പൂർത്തിയാവുകയില്ല. ജമാഅത്തിന് ഒരു നിസാമുണ്ടെന്നും, അത് ഖലീഫയുടെ കീഴിലാണെന്നും ഓരോരുത്തരും ഓർക്കേണ്ടതാണ്. അതിനാൽ നിസാമിനെ അനുസരിക്കേണ്ടതും നിർബന്ധമാണ്. അല്ലാഹു ഓരോരുത്തർക്കും തഖ്‌വയിലൂടെ നടന്നുകൊണ്ട്, റഹ്മാനായ അവനുമായി ബന്ധം സ്ഥാപിക്കാൻ തൗഫീഖ് തരുന്നതിനോടൊപ്പം സൽസ്വഭാവത്തിന്റെ മാതൃക കാണിക്കാനും നിസാമിനെ അനുസരിച്ച് ജീവിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

ഇന്നുമുതൽ നിങ്ങളിൽ, നിങ്ങളെ നോക്കുന്ന ഓരോരുത്തർക്കും കാണാൻ കഴിയും വിധമുള്ള റൂഹ് അല്ലാഹു സൃഷ്ടിക്കുമാറാകട്ടെ. ഈ രാജ്യത്ത് അഹ്മദിയ്യത്തിന്റെ സന്ദേശം എല്ലായിടത്തും എത്തിക്കുന്നവരായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 21.4.2006 at Baithul Hudah, Sidney, Austrelia

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala